# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ * 83

27/04/2017 -ൽ മറുപടിയ്ക്ക്.

## പാലിന്റെ ഗുണനിലവാരം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീമതി. വീണാ ജോർജ്ജ്<br>ശ്രീ.ജെയിംസ് മാത്യു<br>ശ്രീ. പി.ടി.എ റഹീം<br>ശ്രീ.ഐ.ബി.സതീഷ് | | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മറ്റു സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടുവരുന്ന പാലിനോടൊപ്പം, സംസ്ഥാനത്തുൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്ന പാലും ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണമേന്മ പുലർത്തുന്നവയല്ലെന്ന് കണ്ടെത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>മറ്റു സംസ്ഥാനങ്ങളിൽ നിന്നു കൊണ്ടു വരുന്ന പാലിനോടൊപ്പം സംസ്ഥാനത്തുൽപ്പാദിപ്പിച്ചു വിതരണം ചെയ്യുന്ന ചില ഉത്പാദകരുടെ പാലും നിശ്ചിത ഗുണമേന്മ പുലർത്തുന്നവയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |
| (ബി) കൈകാര്യം ചെയ്യുന്നതിലെ അപാകതയും ശീതീകരണ സംവിധാനത്തിന്റെ പോരായ്മയുമാണ് ഗുണനിലവാരം ഇല്ലാതാക്കുന്ന മുഖ്യ ഘടകങ്ങളെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് കർഷകർക്ക് യന്ത്രവൽക്കരണത്തിനും ക്ഷീര സഹകരണ സംഘങ്ങൾക്ക് ശീതീകരണത്തിനും വേണ്ട സഹായ പദ്ധതികൾ നടപ്പിലാക്കുമോ; | (ബി) | നടപ്പിലാക്കിവരുന്നു. സംഘങ്ങളിൽ ക്ഷീര വികസന വകുപ്പും, മിൽമയും ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ യന്ത്രവത്കരണത്തിനും, ആധുനികവത്കരണത്തിനും ഡെയറി ഫാമുകൾക്ക് ധനസഹായം നൽകി വരുന്നു.<br>മിൽമയുടെ മേഖല യൂണിയനുകൾ കർഷകർക്ക് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ളാസ്സുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്. ഇതിൽ പശുവിന്റെ ആരോഗ്യം സംരക്ഷിക്കുന്നതു മുതൽ വൃത്തിയായ ചുറ്റുപാടിൽ പാൽ കറന്ന് എത്രയും വേഗത്തിൽ സംഘത്തിൽ എത്തിക്കുന്നതുവരെയുള്ള കാര്യങ്ങളെപ്പറ്റി അവബോധം വരുത്തുന്നുണ്ട്. ഇപ്രകാരം |

സംഘങ്ങളിൽ എത്തിക്കുന്ന പാൽ വൃത്തിയായി സംഭരിച്ച് ഉടനടി ശീതികരിക്കുന്നതിനു വേണ്ടി ബൾക്ക് മിൽക്ക് കൂളറുകൾ മിക്ക സംഘങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. സംഭരണം കുറഞ്ഞ സംഘങ്ങൾക്ക് വേണ്ടി ബൾക്ക് മിൽക്ക് കൂളറുകൾ ക്ലസ്റ്റർ സൊസൈറ്റികളിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം പാലിന്റെ ഗുണനിലവാരം നിലനിൽത്തുന്നതിന് വളരെ സഹായകരമായിട്ടുണ്ട്. സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുമുള്ള ധന സഹായങ്ങളും മേഖല യൂണിയനുകൾ നൽകി വരുന്നു.

(സി) ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് പാൽ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും പരിസരവും സജ്ജീകരിക്കാൻ പ്രസ്തുത മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുമോ?

(സി) ധനസഹായം നൽകുന്നുണ്ട്.
ക്ഷീരസഹകരണ സംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് പാൽ കൈകാര്യം ചെയ്യുന്ന സ്ഥലം സജ്ജീകരിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

സെക്ഷൻ ഓഫീസർ .